(ബി) ദേശീയപാത 47-നു വേണ്ടി 625 ഹെക്ടർ ഭൂമിയും, എൻ. എച്ച്. 17-നു വേണ്ടി 987 ഹെക്ടർ ഭൂമിയും ലഭ്യമാണ്. കേന്ദ്ര സർക്കാർ തുക അനുവദിക്കുന്ന മുറയ്ക്ക് ബാക്കി ഭൂമി ഏറ്റെടുക്കുന്നതാണ്.

ദേശീയപാതകൾ നാലുവരിപാതയാക്കൽ

38 [3563] *ശ്രീ. കെ. എ. ചന്ദ്രൻ:*
„ വി. ജെ. പൗലോസ്:
„ വി. ഡി. സതീശൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതകൾ നാലുവരിപാതയാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ;

ഉത്തരം

എൻ. എച്ച്. 47 ചേർത്തല മുതൽ കളിയിക്കാവിള വരെ നാലുവരിയാക്കുന്നതിനുവേണ്ടി സാധ്യതാ പഠനം നടത്തി റിപ്പോർട്ട് (Detailed Project Report) കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വികസനത്തിനാവശ്യമായ സ്ഥലം ലഭ്യമാണ്. ദേശീയപാത 17-ൽ തലപ്പാടി മുതൽ കോഴിക്കോടുവരെയും, കുറ്റിപ്പുറം മുതൽ ഇടപ്പള്ളിവരെയുമുള്ള ഭാഗം നാലുവരിയാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ നേരിട്ട് പഠനം നടത്തുന്നുണ്ട്.

കേരളത്തിലെ നാഷണൽ ഹൈവേ

39 [3564] *ശ്രീ. സി. കെ. നാണു:*
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
„ എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വികസന പദ്ധതി (National Highway Development Project) യുടെ ഭാഗമായി കേരളത്തിലെ നാഷണൽ ഹൈവേകളിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി തുറമുഖത്തിലേക്കുള്ള റോഡ് വികസനത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏത്തരത്തിലുള്ള വികസനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിലെ നാഷണൽ ഹൈവേയിലുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം പാലങ്ങളാണ് പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എൻ. എച്ച്. ഡി. പി. യുടെ ഫെയ്സ് III പ്രോഗ്രാമിൽപ്പെടുത്തി ചേർത്തല-തിരുവനന്തപുരം എൻ. എച്ച്. 47-ഉം കേരള-കർണ്ണാടക അതിർത്തി മുതൽ-ഇടപ്പള്ളി വരെയുള്ള എൻ. എച്ച്. 17-ഉം നാലുവരിപ്പാതയാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കൊച്ചി തുറമുഖത്തിലേക്ക് നാലുവരിപ്പാത നിർമ്മിക്കാനാണ് എൻ. എച്ച്. എ. ഐ. ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ധർമ്മടം ബ്രിഡ്ജ്, മൊയ്തു ബ്രിഡ്ജ്, മൂന്നാർ കെ. എസ്. ആർ. ടി. സി. ബ്രിഡ്ജ്, കല്ലാർ ബ്രിഡ്ജ്, വണ്ടിപ്പെരിയാർ ബ്രിഡ്ജ്, കുളത്തുപ്പാലം ബ്രിഡ്ജ്, വെള്ളൂർ ബ്രിഡ്ജ് എന്നിവ പുതുക്കിപ്പണിയാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു കൂടാതെ തൃശ്ശൂർ-അങ്കമാലി നാലുവരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി ചാലക്കുടി ബ്രിഡ്ജും പുതുക്കിപ്പണിയുന്നതാണ്.

ഹിൽ ഹൈവേ

40 [3565] *ശ്രീ. പി. ടി. തോമസ്:*

,, ജോർജ് ജെ. മാത്യു:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേയുടെ പണി എന്നത്തേക്ക് ആരംഭിക്കും എന്നും എത്ര റീച്ചുകളായാണ് ഇതിന്റെ പണി നടത്തുന്നതെന്നും വെളിപ്പെടുത്തുമോ;

(ബി) ഓരോ റീച്ചിന്റെയും പണി ഒരേ സമയത്ത് ആരംഭിക്കുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹിൽ ഹൈവേയുടെ കാസർകോട് മുതൽ പാലക്കാട് വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് മാത്രമേ അംഗീകരിച്ചിട്ടുള്ളു. എത്ര റീച്ചുകളായി പണി നടത്തണമെന്നതിനെക്കുറിച്ച് തീരുമാനമായിട്ടില്ല. എന്നാൽ ഹിൽ ഹൈവേയുടെ ഭാഗമായ കണ്ണൂർജില്ലയിലെ പുറഞ്ഞാൽ - ചെമ്പേരി - പൂപ്പറമ്പ - വെമ്പുവ -

LIBRARY ARCHIVES Kerala Legislative Assembly